**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 514** **23-07-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ കരാർ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇപ്പോൾ ഓട്ടോമാറ്റിക് മെഷീൻ സമ്പ്രദായം ആയപ്പോൾ അവരുടെ നഷ്ടപ്പെട്ട തൊഴിൽ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ആരെയും നേരിട്ട് നിയമിക്കാറില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി രൂപീകൃതമായതിനു ശേഷം ഇതുവരെ നിരവധി ജലവിതരണ പദ്ധതികൾ നിലവിൽ വന്നെങ്കിലും ഓപ്പറേറ്റർ, വർക്കർ തുടങ്ങിയ വിഭാഗങ്ങളിൽ ആനുപാതികമായി തസ്തിക സൃഷ്ടിക്കൽ ഉണ്ടാകാത്ത സാഹചര്യത്തിലും, പുതിയ ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കേണ്ട അനിവാര്യ സാഹചര്യത്തിലും ഓപ്പറേറ്റർ/വർക്കർ വിഭാഗത്തിൽ സ്ഥിരം നിയമനം ഉണ്ടാകുന്നതുവരെയുള്ള സാവകാശം എടുക്കുവാൻ സാധ്യമല്ലാത്തതിനാലും വാട്ടർ അതോറിറ്റിയിലെ ഇത്തരം ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി കരാറുകാർ മുഖേന തൊഴിലാളികളെ ഏർപ്പെടുത്തി വരുന്നു. ഇത്തരം പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രതിഫലം അത്തരത്തിൽ പ്രവർത്തിപ്പിക്കപ്പെട്ട ആകെ ഷിഫ്റ്റുകളുടെ അടിസ്ഥാനത്തിൽ കരാറുകാർക്കു നൽകുകയും അവർ അതു തൊഴിലാളികൾക്ക് നൽകുകയും ചെയ്യുന്നു. സ്ഥിരം ജീവനക്കാരുടെ തസ്തികയില്ലാത്ത പമ്പ് ഹൗസുകളിലെ ഡ്യൂട്ടി, സ്ഥിരം ജീവനക്കാർ ഉള്ള സ്ഥലങ്ങളിൽ അവരുടെ ലീവ് / ഓഫ് എന്നിവ പരിഗണിച്ച് നൽകുന്ന ഡ്യൂട്ടി, മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ (വരൾച്ച കാരണം അധിക പമ്പിംഗ് ഏർപ്പെടുത്തേണ്ടി വരിക, പമ്പ് ഹൗസിൽ വാൽവ് ക്രമീകരണം നടത്തി ജലവിതരണം നടത്തുക തുടങ്ങിയവ) വരുന്ന അധിക ഡ്യൂട്ടി എന്നിവയെല്ലാം ചേർത്താണ് ഒരു കുടിവെള്ള പദ്ധതിയുടെ ശേഷിക്കനുസൃതമായി ഇത്തരത്തിൽ ഷിഫ്റ്റ് ഡ്യൂട്ടിക്ക് തൊഴിലാളികളെ കരാറുകാർ മുഖേന ആവശ്യാനുസരണം ഏർപ്പെടുത്തുന്നത്. ഇത്തരത്തിൽ പ്രവർത്തിപ്പിക്കപ്പെടുന്ന പദ്ധതികളിൽ |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ എണ്ണത്തെക്കാൾ ഷിഫ്റ്റ് ഡ്യൂട്ടിക്കാണ് പ്രാധാന്യം എന്നതിനാൽ തന്നെ ഇത്തരത്തിലുള്ള തൊഴിലാളികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താറില്ല. ഇത്തരത്തിൽ കരാറുകാർ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ നൽകാനാവില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ